# 948

സങ്കടം സമസ്തവും സമാപിച്ചിടും സഭ
സന്തതം സമാശ്വസിച്ചു സംതൃപ്തരായിടും

1 കണ്ണുനീർ തുടയ്ക്കുമേശു രക്ഷാകരൻ ഹാ! മ-
റന്നുപോകുമന്നു സർവ്വ ദു:ഖങ്ങളും പൊന്നു നാഥനോടുകൂടെ
രാജസിംഹാസനേ നാമിരുന്നു വാണിടും ധരിത്രിയിൽ രാജ്ഞിയായ്-

2 കക്ഷിമത്സരങ്ങൾ മതവ്യത്യാസങ്ങൾ ഇവ
ലക്ഷ്യമെന്നിയേ നശിച്ചു പൊയ്പോകുമേ-സത്യ
പക്ഷമൊന്നു മാത്രമായി ശേഷിച്ചിടും-ക്രിസ്തു
രക്ഷകൻ വെളിപ്പെടുന്ന ശോഭാദിനം തന്നിൽ-

3 മായപോയ് മറഞ്ഞിടും മഹാ മന്നിടം മാമ-
ഹത്ത്വപൂർണ്ണമായ് വരും സമുദ്രസമം-ദിവ്യ
ശോഭയാൽ വിളങ്ങിടും നഭോമണ്ഡലം-സർവ്വ
ശാപവുമകന്നു നീതി സൂര്യോദയം മൂലം-

4 യിസ്രായേൽ ജനം ത്യജിച്ചു ക്രൂശിച്ചൊരു സത്യ-
നസ്രയകലേക്കു നോക്കി ഖേദിച്ചിടും-ക്രിസ്തു
വിശ്രമം കനിഞ്ഞവർക്കു നൽകും പുനരവർ
സദ്സുഖം വസിച്ചനുഗ്രഹം പ്രാപിക്കും ഭൂമൗ-

5 സൃഷ്ടിയും വിമുക്തമായിടും നിർണ്ണയം- മഹാ
കഷ്ടമേറിടും ദ്രവത്വദാസ്യത്തിൽ നിന്നന്നു
പുഷ്ടിയായ് ഫലങ്ങൾ നൽകിടും ഭൂതലം പരി-
തുഷ്ടിയിൽ വസിക്കുമായിരം വത്സരം ജനം-

**E.I.J.**